## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :T 3284

11.05.2017 ൽ മറുപടിക്ക്

### പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.എസ്.ശർമ്മ
ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.പി.കെ.ശശി

(എ) സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജ്ജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്രകൈത്തറി ഗ്രാമവും പദ്ധതി, അംശദാനസമ്പാദ്യപദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, ഹാന്റെക്സ് ഹാന്റ് വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

കരകൗശല

തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. ഉൽപാദനോപാധികളുടെ ആധുനിക വൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കയർപിരി/ ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ

പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനവും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലകളെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവത്കരണം നടത്തുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കൈത്തറി മേഖലയിൽ ആധുനികവത്കരണത്തിന്റേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിന്റേയും ഭാഗമായി തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനം എന്നിവക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.

കരകൗശല മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയുടെ നവീകരണവും വിപണന സഹായവും പദ്ധതിയിലൂടെ ഈ മേഖലയിൽ ഭാഗികമായ ആധുനിക വൽക്കരണം കരകൗശല വികസന കോർപറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ

വഴി നടപ്പാക്കുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കെറ്റിംഗ് സംവിധാനത്തോടൊപ്പം ഷോറൂമുകൾ മുഖേന ആഭ്യന്തര വിപണനം ശക്തിപ്പെടുത്തി വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടു കൂടിയ വിവിധയിനം സുവനീറുകൾ വിപണനം നടത്തുവാൻ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനീകവൽക്കരണത്തിനും സാങ്കേതിക വിദ്യാവികസനത്തിനും ഗുണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ഊന്നിയുള്ള മാറ്റങ്ങൾ മാത്രമേ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി കൂടുതൽ ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കയർമേഖലയിൽ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനും കയർ ജിയോ ടെക്സ്റ്റെയിൽസ് വ്യാപിപ്പിക്കുന്നിതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ